**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 36** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഐ.ടി. വ്യവസായത്തിലെ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിജ്ഞാനത്തിൽ അടിസ്ഥാനമായ ഒരു സമൂഹമായി കേരളത്തെ രൂപാന്തരപ്പെടുത്തുവാൻ സംസ്ഥാന ഐ. ടി. നയം വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2017-ലെ സംസ്ഥാന വിവരസാങ്കേതിക വിദ്യാ നയം (ഐ.ടി നയം) കേരളത്തെ വിജ്ഞാനാധിഷ്ഠിത സമൂഹമായി മാറ്റുന്നതിനു ഊന്നൽ നൽകുന്നുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് സുസ്ഥിരമായ സാമ്പത്തിക വളർച്ച, സാമൂഹിക ഐക്യം, എല്ലാവർക്കും ഉയർന്ന ജീവിത നിലവാരം എന്നിവ കൈവരിക്കുക എന്നതാണ് ഐ. ടി. നയത്തിന്റെ കാഴ്ചപ്പാട്. പൊതുസേവനങ്ങളിൽ സുതാര്യത, കാര്യക്ഷമത, ലഭ്യത, ഉത്തരവാദിത്വം, വിശ്വസനീയത എന്നിവ ഉറപ്പാക്കുന്നതോടൊപ്പം പൗരസേവനാവകാശം എളുപ്പത്തിൽ പ്രാപ്യമാക്കുന്നതിനും നയം ലക്ഷ്യമിട്ടിരുന്നു. കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി 2025 ൽ പുതിയ ഐ.ടി നയം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഒരു മുൻനിര ഐ. ടി. കേന്ദ്രമാക്കി കേരളത്തെ മാറ്റുന്നതിനും പ്രത്യക്ഷവും പരോക്ഷവുമായി തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിക്കുന്നതിനും സംസ്ഥാന ഐ. ടി. നയം വിഭാവനം ചെയ്യുന്ന പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഐ.ടി മേഖലയെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും അഭ്യസ്ഥവിദ്യർക്ക് തൊഴിൽ സൃഷ്ടിക്കുന്നതിനുമുള്ള പ്രധാന ചാലക ശക്തിയായാണ് നിലവിലുള്ള ഐ.ടി. നയം നിരവധി നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൻറെ അടിസ്ഥാനത്തിൽ കേരളത്തിലെ ഐ.ടി. മേഖല വേഗത്തിൽ വളർന്ന് ഗണ്യമായ നിക്ഷേപങ്ങൾ ആകർഷിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഐ.ടി പാർക്കുകൾ: നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലും വികസനം പ്രോത്സാഹിപ്പിക്കുന്നതിലും പ്രധാന പങ്ക് വഹിക്കുന്നത് മൂന്ന് ഐടി പാർക്കുകളാണ്:<br><br>• ടെക്നോപാർക്ക് (തിരുവനന്തപുരം) : 768.63 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഇന്ത്യയിലെ വലിയ |

| | | | |
|---|---|---|---|
| | | | ഐടി പാർക്കുകളിലൊന്നാണ്. ഇവിടെ 486-ൽ അധികം കമ്പനികളിലായി ഏകദേശം 80,000 ഐടി പ്രൊഫഷണലുകൾ ജോലി ചെയ്യുന്നു.<br><br>• ഇൻഫോപാർക്ക് (കൊച്ചി): 2004-ൽ സ്ഥാപിതമായ ഇൻഫോപാർക്ക് പ്രമുഖ ഐടി കമ്പനികളിൽ നിന്ന് നിക്ഷേപം ആകർഷിച്ച് നിലവിൽ 582 കമ്പനികളിലായി 75000 ലധികം ഐ ടി പ്രൊഫഷനലുകൾ ജോലി ചെയ്തു വരുന്നു.<br><br>• സൈബർപാർക്ക് (കോഴിക്കോട്): ആഗോള ഐടി/ ഐടിഇഎസ് കമ്പനികൾക്ക് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുന്നു.<br><br>ഈ മൂന്ന് പാർക്കുകളിലുമായി ഏകദേശം 1.57 ലക്ഷത്തോളം ഐടി പ്രൊഫഷണലുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്നു.<br><br>സ്റ്റാർട്ടപ്പ് സംരംഭങ്ങൾ: സ്റ്റാർട്ടപ്പ് രംഗം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) പ്രവർത്തിക്കുന്നു. വികസിച്ചുവരുന്ന ഐടി പാർക്കുകൾ, സ്റ്റാർട്ടപ്പ് സംസ്കാരം എന്നിവ കാരണം കേരളത്തിലെ ഐടി മേഖലയിൽ ഗണ്യമായ നിക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്.<br><br>ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഡിജിറ്റൽ സയൻസ് പാർക്ക്, India Innovation Centre for Graphene, Chip to startup എന്നിവ ഐ.ടി നയത്തിൻ്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടു. കൊച്ചിയിലെ KINFRA park-ൽ ഒരു Clean Room-ഉം യൂണിവേഴ്സിറ്റി ക്യാംപസിൽ ഒരു Data Centre-ഉം സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു. IT മേഖലയിൽ Bio-Al, Data Science തുടങ്ങിയ വമ്പിച്ച ജോലി സാധ്യതകളുള്ള പുതിയ കോഴ്സുകൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിച്ചിട്ടുണ്ട്. |
| (സി) | മികച്ച മാർക്കറ്റിങ്ങിലൂടെ ദേശീയ- അന്തർദേശീയ തലങ്ങളിലെ ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിനും അവരാൽ വിവിധ ഐ. ടി. സംരംഭങ്ങളിൽ നിക്ഷേപം നേടുന്നതിനുമാവശ്യമായ പശ്ചാത്തലസൗകര്യം ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ഐ.ടി മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ :<br><br>• ഐ.ടി കോറിഡോർ : തിരുവനന്തപുരം (ടെക്നോപാർക്ക്), കൊച്ചി (ഇൻഫോപാർക്ക്), കോഴിക്കോട് (സൈബർപാർക്ക്) എന്നിവയെ പ്രധാനകേന്ദ്രങ്ങളായി കണക്കാക്കി, മറ്റ് ജില്ലകളിൽ പ്രധാനമായും എൻ എച്ച് 66 ന് സമാന്തരമായി ചെറുപാർക്കുകൾ സ്ഥാപിച്ച് ഐടി വ്യവസായ വികസനം എല്ലായിടത്തും വ്യാപിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| | | | • ഐടി സ്ഥാപനങ്ങളുടെ ഏകീകരിച്ച മാർക്കറ്റിംഗ്: ഐടി പാർക്കുകളുടെയും സർക്കാരിന്റെ കീഴിലുള്ള മറ്റ ഐടി സ്ഥാപനങ്ങൾക്കും 'കേരള ഐടി' എന്ന ഒറ്റ ബ്രാൻഡിന് കീഴിൽ കൊണ്ടുവന്ന് മാനവ വിഭവ ശേഷിയും മറ്റ് സൗകര്യങ്ങളും മികച്ച രീതിയിൽ ഉപയോഗപ്പെടുത്താൻ സർക്കാർ ലക്ഷ്യമിടുന്നു.<br><br>•നിക്ഷേപക സൗഹൃദ അന്തരീക്ഷം: ഐടി, ഐടിഇഎസ് പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കേരളത്തെ ഏറ്റവും ആകർഷകമായ നിക്ഷേപ കേന്ദ്രങ്ങളിൽ ഒന്നാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഹൈ പവർ ഐ.ടി. കമ്മിറ്റിയുടെ കീഴിൽ ലീഡ് ഐ.ടി. സ്ട്രാറ്റജിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. ലഭ്യമായിട്ടുള്ള ഭൂമിയുടെയും ഓഫീസ് സ്പേസിന്റെയും ലീസിങ്ങിനായി ഇൻ്ററർനാഷണൽ പ്രോപ്പർട്ടി കൺസൾട്ടന്റുകളെ എംപാനൽ ചെയ്തിട്ടുണ്ട്.<br><br>• പശ്ചാത്തല സൗകര്യങ്ങൾ: ഐടി പാർക്കുകളിൽ ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ, റോഡുകൾ, ഉയർന്ന നിലവാരമുള്ള വൈദ്യുതി, സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ എന്നിവ ഉറപ്പുവരുത്താൻ പദ്ധതികളുണ്ട്. കെ-ഫോൺ പദ്ധതിയിലൂടെ എല്ലാ വീടുകളിലും അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുന്നത് ഐടി ബിസിനസുകൾക്ക് കൂടുതൽ അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കും.<br><br><u>പ്രചാരണ പരിപാടികൾ:</u><br><br>• പ്രതിനിധി സംഘങ്ങൾ: വ്യവസായ സംഘടനകളുടെ പിന്തുണയോടെ വിവിധ രാജ്യങ്ങളിലേക്ക് പ്രതിനിധി സംഘങ്ങളെ അയച്ച് കേരളത്തിലെ ഐ ടി കമ്പനികൾക്ക് വ്യാപാര സാധ്യതകൾ സൃഷ്ടിക്കും.<br><br>• വിവിധ സ്ഥലങ്ങളിലെ സെമിനാറുകൾ: ഐടി പാർക്കുകൾ ജൈടെക്സ് പോലുള്ള അന്താരാഷ്ട്ര സെമിനാറുകൾക്ക് ആതിഥേയത്വം വഹിക്കുകയും അതുവഴി കേരളത്തിന്റെ സാങ്കേതിക വികസനം ആഗോള വിപണിയിൽ എത്തിക്കുകയും ചെയ്യും. |
| (ഡി) | കേരളത്തിലെ യുവാക്കളിലും വിദ്യാർത്ഥികളിലുമുള്ള സംരംഭകത്വശേഷി തിരിച്ചറിയുന്നതിനും വികസിപ്പിക്കുന്നതിനുമായി പരമ്പരാഗത മേഖലകളിൽകൂടി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംരംഭകത്വ വികസന | (ഡി) | കേരളത്തിലെ വിദ്യാർത്ഥികളിലെയും യുവാക്കളിലെയും സംരംഭകത്വ ശേഷി തിരിച്ചറിയാനും വികസിപ്പിക്കാനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേരള സ്റ്റാർട്ടപ്പ് മിഷൻറെ സൂപ്പർ ഫാബ് ലാബും, ഫാബ് ലാബുകളും പരമ്പരാഗത മേഖലകളിൽ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | സാങ്കേതിക വിദ്യയിൽ സംരംഭകത്വം വികസിപ്പിക്കുന്നതിന് ഊന്നൽ നൽകി വരുന്നു. ഫാബ് ലാബുകളിൽ 3D പ്രിൻ്റിംഗ്, ലേസർ കട്ടിംഗ്, CNC Machine എന്നീ സാങ്കേതിക വിദ്യകളിൽ അടിസ്ഥാനമാക്കി ഡിജിറ്റൽ ഫാബ്രിക്കേഷൻ എന്ന ആശയത്തിൽ ഊന്നി വിവിധങ്ങളായ പരിപാടികൾ നടത്തി വരുന്നു. പ്രസ്തുത പരിപാടികൾ പരമ്പരാഗത കൈത്തൊഴിലുകൾക്ക് സാങ്കേതിക വിദ്യ ഉപയുക്തമാക്കുന്നതിനുള്ള സാധ്യത പരിചയപ്പെടുത്തുന്നു.<br><br>കൃഷി വകുപ്പും, ലോകബാങ്കും സംയുക്തമായി നടപ്പിലാക്കുന്ന KERA പദ്ധതിയുടെ ഇന്നൊവേഷൻ ഘടകം കേരള സ്റ്റാർട്ട് അപ്പ് മിഷനാണ് നടപ്പിലാക്കുന്നത്. കർഷകരും കാർഷിക ഉത്പാദന സംഘടനകളും നേരിടുന്ന കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് സാങ്കേതിക വിദ്യയിലൂടെ പരിഹാരം കാണുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കാർഷിക-ഭക്ഷ്യ സംസ്കരണ മേഖലകളിലെ 150 സ്റ്റാർട്ടപ്പുകളെ കണ്ടെത്താനും തിരഞ്ഞെടുക്കാനും പിന്തുണയ്ക്കാനും കേരള സ്റ്റാർട്ടപ്പ് മിഷനാണ് ഉത്തരവാദിത്തം. ഈ പദ്ധതിയിലൂടെ കേരളത്തിലെ 40,000 കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്റ്റാർട്ടപ്പുകളും കാർഷിക ഉത്പാദന സംഘടനകളും തമ്മിലുള്ള സഹകരണത്തിലൂടെ പൈലറ്റ് പ്രോജക്ടുകൾ, ഫീൽഡ് ട്രയലുകൾ, സാങ്കേതിക വിദ്യയുടെ വിന്യാസം എന്നിവക്ക് ഇത് അവസരം ഒരുക്കുന്നു. ഇന്ത്യയുടെ സർഗ്ഗാത്മക സമ്പദ് വ്യവസ്ഥയുടെ ഭാവി രൂപപ്പെടുത്തുക (ഷേപ്പിംഗ് ഇന്ത്യാസ് ക്രിയേറ്റീവ് എക്കോണമി) എന്ന ലക്ഷ്യത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ രൂപകൽപ്പന ചെയ്തിരിക്കുന്ന പദ്ധതിയാണ് 'ബിയോണ്ട് ടുമോറോ' (Beyond Tomorrow). എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സാമ്പത്തിക വളർച്ചയ്ക്ക് സർഗ്ഗാത്മകവും സാംസ്കാരികവുമായ മേഖലകളെ പൂർണമായും പ്രയോജനപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ